ബഹളം

മി. സ്പീക്കർ : Nobody can make any reference..... ..No..... .. No... ..Nothing can be said.

ഇതുസംബന്ധിച്ച ഒരു പരാമർശവും അനുവദിക്കുന്നതല്ല. ഇതിനെ സംബന്ധിച്ച് ഇവിടെ പറയുന്ന പരാമർശങ്ങളൊന്നും രേഖയിൽ ഉണ്ടാവുകയില്ല, പത്രങ്ങളിലും കൊടുക്കാൻ പാടില്ല.

എട്ടാം കേരള നിയമസഭയെ സംബന്ധിച്ച വിലയിരുത്തൽ

മി. സ്പീക്കർ : എട്ടാം കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ ഇന്നത്തോടുകൂടി സമാപിക്കുകയാണ്. കഴിഞ്ഞ 4 വർഷത്തെ പ്രവർത്തനങ്ങളിലേക്ക് തിരഞ്ഞുനോക്കുമ്പോൾ വളരെ സജീവമായ ഒരു ചിത്രമാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്നത്.

1987 മാർച്ച് 25-ാം തീയതി രൂപീകരിക്കപ്പെട്ട എട്ടാം കേരള നിയമസഭ ആദ്യയോഗം ചേർന്നത് 1987 മാർച്ച് 28-ാം തീയതിയാണ്. അന്നു മുതൽ ഇന്നുവരെയുള്ള നാലു വർഷത്തിനിടയിൽ സഭ 311 ദിവസം യോഗം ചേരുക ഉണ്ടായി. ഇതിനുപുറമേ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ 40-ാം വാർഷികം ആഘോഷിക്കുവാൻ ഒരു പ്രത്യേക സമ്മേളനം കൂടുകയും ചെയ്തു. 1800-ൽപ്പരം മണിക്കൂറുകൾ സഭാനടപടികൾക്കായി നാം ഈ സഭയിൽ, ചെലവഴിച്ചിരിക്കുന്നു. (ഏഴാം കേരള നിയമസഭ അഞ്ചു വർഷത്തിനുള്ളിൽ 249 ദിവസംകൂടി, 1400 മണിക്കൂറുകളാണ് സഭാനടപടികൾക്ക് ചെലവഴിച്ചിട്ടുള്ളത്). കുറഞ്ഞ വർഷങ്ങൾകൊണ്ട് ഇത്രയും കൂടുതൽ സഭാനടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞത് ഈ സഭയുടെ ഒരു പ്രത്യേകതയാണ്.

1988 ആഗസ്റ്റ് മാസം 21-ാം തീയതികൊണ്ട് ആരംഭിച്ച കേരള നിയമസഭയുടെ ശതാബ്ദിയും നാം വളരെ സമുചിതമായ നിലയിൽ ഒരു വർഷക്കാലം ആഘോഷിക്കുകയുണ്ടായി. ശതാബ്ദി ആഘോഷങ്ങൾ ഇൻഡ്യയുടെ ഉപരാഷ്ട്രപതി ഉൽഘാടനം ചെയ്യുകയും മുൻരാഷ്ട്രപതി ശ്രീ. എൻ. സഞ്ജീവറെഡ്ഡി സമാപന പ്രസംഗം നടത്തുകയുമുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളുടെ കായിക മൽസരങ്ങൾ, സെമിനാറുകൾ എന്നിവ ശതാബ്ദിയാഘോഷത്തിന്റെ പ്രത്യേകതകളായിരുന്നു. ഇൻഡ്യൻ നിയമസഭകളുടെ ചരിത്രത്തിൽ ഏറ്റവും ബൃഹത്തെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഒരു സ്മരണിക ഈ ശതാബ്ദി പ്രമാണിച്ച് നാം പുറത്തിറക്കുകയുണ്ടായി. മൺമറഞ്ഞുപോയ ആയിരത്തിലധികം ജനപ്രതിനിധികളുടെയും ജീവിച്ചിരിക്കുന്ന ആയിരത്തിലധികം ജനപ്രതിനിധികളുടെയും ചിത്രങ്ങളും, നൂറു വർഷത്തിനിടയിലുണ്ടായിട്ടുള്ള ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലമടങ്ങിയ ഫോട്ടോ ചിത്രങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത ഗ്രന്ഥം പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം വളരെ വിലപ്പെട്ട ഒരു രേഖയാണ്.

സഭയുടെ എല്ലാ പ്രവർത്തനങ്ങളും മുൻകാലങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ വർദ്ധിച്ച തോതിലാണ് നടന്നിരിക്കുന്നത്. നിയമനിർമ്മാണ നടപടികൾക്കായാലും പ്രധാനപ്പെട്ട മറ്റു നടപടികൾക്കായാലും ആവശ്യമായത്ര സമയം വിനിയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിയമനിർമ്മാണ നടപടികളുമായി തുടർച്ചയായി പതിനെട്ടു മണിക്കൂറോളം നീണ്ടുപോയ ഒരു സിറ്റിംഗ് അപൂർവ്വമായ ഒരനുഭവമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly